(എ) തൃശ്ശൂർ ജില്ലാ ആശുപത്രിയുടെ കെട്ടിട നിർമ്മാണം എന്നത്തേയ്ക്ക് തീരും;

(ബി) ആശുപത്രി ഏതെല്ലാം വിധത്തിൽ വികസിപ്പിക്കാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്;

(സി) ജില്ലാ ആശുപത്രികളിൽ പൊതുജന പങ്കാളിത്തത്തോടു കൂടി ജനറേറർ സ്ഥാപിക്കാൻ നടപടികളും സ്വീകരിക്കുമോ?

ഉത്തരം

(എ) നിർമ്മാണത്തിലായിരുന്ന ഇരുനില ഒ. പി. ബ്ലോക്കിൻെറ പണി തീർന്നിട്ടുണ്ട്.

(ബി) എല്ലാ സ്പെഷ്യാലിറ്റികളുമുള്ള 300 കിടക്കകളുമുള്ള ഒരു ജില്ലാ ആശുപത്രിയാക്കാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്.

(സി) ജില്ലാ ആശുപത്രികളിൽ പൊതുജന പങ്കാളിത്തത്തോടു കൂടി ജനറേറർ സ്ഥാപിക്കാനുള്ള സന്നദ്ധത ഒരു സംഘടനയിൽ നിന്നും ഇതുവരേയും കിട്ടിയിട്ടില്ല. ഏതെങ്കിലും വ്യക്തിയോ, സംഘടനകളോ ഇക്കാര്യത്തിലുള്ള സന്നദ്ധത അറിയിച്ചാൽ അക്കാര്യം തീർച്ചയായും പരിഗണിക്കുന്നതാണ്.

നാദാപുരം ഗവൺമെൻറ് ആശുപത്രി

1103 [2032] ശ്രീ. കെ. ടി. കണാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം ഗവൺമെൻറ് ആശുപത്രിയിൽ ആവശ്യമായ മരുന്നുകളില്ലാത്തതിനെ സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

നാദാപുരം ഗവൺമെൻറ് ആശുപത്രിയിലെ ഗൈനക്കോളജിസ്റ്റ്

1104 [2033] ശ്രീ. കെ. ടി. കണാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം ഗവൺമെൻറ് ആശുപത്രിയിൽ ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നിയമിച്ച ഗൈനക്കോളജിസ്റ്റ് അവിടെ ചാർജ് എടുത്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിൻെറ കാരണം എന്തെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) നാദാപുരം ഗവൺമെൻറ് ആശുപത്രിയിലെ ഗൈനക്കോളജിസ്റ്റല്ലാത്ത ഡോക്ടർ ബാലകൃഷ്ണനെ സ്ഥലം മാറി പകരം അവിടെ ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിക്കുകയുണ്ടായി. ഡോക്ടർ ബാലകൃഷ്ണൻറെ സ്ഥലം മാറ്റം ഹൈക്കോടതി സ്റ്റേ ചെയ്തതിൻറെ വെളിച്ചത്തിൽ ടി ഗൈനക്കോളജിസ്റ്റിന് അവിടെ ചാർജ്ജെടുക്കുവാൻ കഴിഞ്ഞിട്ടില്ല.

മേഴിത്താടി പബ്ലിക് ഹെൽത്ത് സബ്സെൻറർ പ്രവർത്തനം

1105 [2034] ശ്രീ. കെ. പങ്കജാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആര്യനാട് നിയോജകമണ്ഡലത്തിലെ മേഴിത്താടി (മേത്തോട്ടം) ഗിരിജൻ കേന്ദ്രത്തിലേക്ക് അനുവദിച്ച പബ്ലിക് ഹെൽത്ത് സബ്സെൻറർ പ്രവർത്തനം തുടങ്ങിയോ;

(ബി) ഇല്ലെങ്കിൽ പ്രവർത്തനക്ഷമമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ആര്യനാട് നിയോജകമണ്ഡലത്തിലെ മേഴിത്താടി (മേത്തോട്ടം) കോളനിയിൽ പബ്ലിക് ഹെൽത്ത് സബ്സെൻറർ അനുവദിച്ചിട്ടില്ല.

(ബി) ഒരു സബ്സെൻറർ തുടങ്ങുന്നകാര്യം പരിഗണനയിലുണ്ട്.

പെരുമൺ ഗവൺമെൻറ് ഡിസ്പെൻസറിയിലെ രോഗികൾക്ക് സൗകര്യങ്ങൾ ഏർപ്പെടുത്തുവാനുള്ള സംവിധാനം

1106 [2035] ശ്രീ. തോപ്പിൽ രവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമൺ ഗവൺമെൻറ് ഡിസ്പെൻസറി പ്രൈമറി ഹെൽത്ത് സെൻറർ ആയി ഉയർത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ രോഗികൾക്ക് കുറെക്കൂടി സൗകര്യങ്ങൾ ഏർപ്പെടുത്താൻ എന്തെല്ലാം സംവിധാനങ്ങളാണ് ഗവൺമെൻറ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജി. ഒ. (എം. എസ്.) 215/85 ഹെ. ആൻറ് ഫാ. ഡബ്ല്യു. 24-12-1985 പ്രകാരം, പെരുമൺ ഗവൺമെൻറ് ഡിസ്പെൻസറി, ഒരു പ്രാഥമികാരോഗ്യകേന്ദ്രമാക്കി മാറ്റിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly